LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മണ്ഡലത്തിൽ തയ്യാറാക്കിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദമാക്കുമോ?

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് ഏത് രീതിയിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതിക്കായി ഇനി നടത്തേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ബഹു. എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ. (RKVY), നബാർഡ് ധനസഹായം, RIDF, ജനകീയാസൂത്രണ പദ്ധതിവിഹിതം, ചെറുകിട ജലസേചന വകുപ്പിന്റെ പദ്ധതി വിഹിതം, കൈപ്പാട് ഏരിയ ഡെവലപ്മെൻറ് ഏജൻസിയിൽ നിന്നുള്ള ഫണ്ട് എന്നിവയിൽനിന്ന് ആവശ്യമായ ഫണ്ട് സ്വരൂപിക്കാനാണ് ലക്ഷ്യമിടുന്നത്. കൈപ്പാട് മേഖലയിലെ ആസ്തികളുടെ നവീകരണം/പുനരുദ്ധാരണം, ജലനിർഗ്ഗമനത്തിന് കൈത്തോട് നിർമ്മാണം, തടയണ നിർമ്മാണം, കാടും പായലും നീക്കൽ മുതലായവയാണ് നടത്തേണ്ട പ്രവർത്തികൾ. ഇതുസംബന്ധിച്ച് വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ഫലവൃക്ഷ തൈകളും ചെടികളും വിൽപ്പന നടത്തുന്ന നഴ്സറികൾ

21 (1006) ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ . മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫലവൃക്ഷ തൈകളും ചെടികളും വിൽപ്പന നടത്തുന്ന നേഴ്സറികളിൽനിന്നും അവ വാങ്ങുന്നവർ കബളിപ്പിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണംചെയ്യുന്ന സ്വകാര്യ നഴ്സറികൾ ഉല്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്ത് വർഗ്ഗങ്ങളുടെയും ചെടികളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വകാര്യ നഴ്സറികൾ പാലിക്കേണ്ട മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 13-12-2005-ലെ സ.ഉ.(സാധാ) നമ്പർ 1796/2005/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിർദ്ദേശത്തോടെയാണ് 750 രൂപ ലൈസൻസ് ഫീസ് വാങ്ങി അർഹതയുള്ള നഴ്സറികൾക്ക് അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ രണ്ട് വർഷത്തേയ്ക്ക് രജിസ്ട്രേഷൻ അംഗീകാരം നൽകുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം, തൈകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറികളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തി, തൈകൾ ഗുണമേന്മയില്ലാത്തതാണെന്ന് കണ്ടെത്തുകയോ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തുകയോ ചെയ്താൽ നടപടികൾ സ്വീകരിക്കുകയും ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്നതാണ്. ഫലവൃക്ഷത്തൈകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സമഗ്രമായ ഒരു നഴ്സറി നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആയഞ്ചേരി വേളം കോൾനിലം പദ്ധതി

22 (1007) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ ആയഞ്ചേരി വേളം കോൾ നിലം പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആർ.ഐ.ഡി.എഫ്.-XII-ൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന് അനുവദിച്ച പദ്ധതി കെ.എൽ.ഡിസി.-യെ ഏൽപ്പിച്ചിരുന്നുവെങ്കിലും പ്രോജക്ട് എസ്റ്റിമേറ്റിലെ അപര്യാപ്തതമൂലവും നബാർഡിന്റെ പ്രസ്തുത ടാഞ്ചെയുടെ കാലപരിധി അവസാനിപ്പിച്ചതിനാലും പദ്ധതി അവസാനിപ്പിക്കേണ്ടിവന്നു. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ചുകൊണ്ട് തുലാത്ത് നടയ്ക്ക് സമീപം ഒരു വി.സി.ബി. നിർമ്മിക്കുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് അനുമതി നൽകുകയും കെ.എൽ.ഡി.സി., ടെൻഡർ, റീടെൻഡർ, സീൽഡ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ലഭിച്ചിരുന്നില്ല. തുടർന്ന് ലോക്കൽ ക്വട്ടേഷൻ വഴി പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ക്ഷണിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.